എന്നവിടെ വന്നുചേരും ഞാൻ മമകാന്താ നിന്നെ

വന്നുകണ്ടു വാഞ്ഛതീരും ഹാ!

നിന്നൊടു പിരിഞ്ഞിന്നരകുലത്തിരിക്കയെന്നതിനൊരിക്കലും സുഖം

തന്നിടുന്നതില്ലായ്കയാൽ പരനേശുവേ ഗതി നീയെനിക്കിനി

എന്നവിടെ...

നിൻമുഖത്തു നിന്നു തൂകുന്ന മൊഴിയെൻറെ താപം

ഇന്നു നീക്കിടുന്നു നായകാ !

നിന്നതിമൃദുവായ കയ്യിനാലെന്നെ നീ തടവുന്നോരക്ഷണം

കണ്ണുനീരുകളാകവേയൊഴിഞ്ഞുന്നതാനന്ദം വന്നിടുന്നുമേ

എന്നവിടെ...

പൊന്നു പാദസേവയെന്നിയേ – പരനേയെനിക്കു

മന്നിലില്ല സൗഖ്യമൽപവും

മന്നനേ ധനധാന്യ വൈഭവം – മിന്നിലിടകൊണ്ടശേഷവും

തീർന്നുപോയുടമസ്ഥരസ്ഥതയാർന്നു വാഴുക മാത്രമേ വരൂ

എന്നവിടെ...

നല്ല വസ്ത്രം നല്ല ശയ്യകൾ – സുഖസാധനങ്ങ

ളില്ലിവയിലാശ ദാസന്

വല്ലഭാ തിരുമേനിയേതിലുമേതുമായെനിക്കുള്ളതാലൊരു

തെല്ലുമല്ലലെന്നുള്ളിലില്ലതു കില്ലൊഴിഞ്ഞുര ചെയ്തിടാം വിഭോ!

എന്നവിടെ...

നിന്നെയോർക്കും നേരമീശനെ! – വളരും പ്രയാസം

എന്നിൽ  നിന്നു മാഞ്ഞുപോകുന്നേ

നിന്നടിമലർ  സേവയാലെനിക്കുള്ള  പീഡകളാകവേ തിരു –

മുന്നിൽ വന്നിടും പോതുനീങ്ങിയെന്നുള്ളമാനന്ദം കൊണ്ടുതുള്ളുമേ

എന്നവിടെ...

കാത്തിരിക്കുന്നാത്മനാഥനെ പൂവനത്തിനുള്ള

കാത്തിരിപ്പിൻ പൂർത്തിനാളിനെ

മത്സരകുലം ലജ്ജയാൽമുഖം താഴ്ത്തിടും പടിയെങ്ങൾ ദണ്ഡുകൾ

പൂക്കണോ പുതുഭംഗിയിൽ ബദാം കായ്കളെയവ കായ്ക്കണോ തദാ

ennavide vannucherum njaan mama kaanthaa ninne

vannu kandu vaanchatheerum haa! ...2

ninnodu pirinjinnarakulaththirikkayennathinorikkalum sukham

thannidunnathillaaykayaal paraneshuve gathi neeyenikkini ...2

ennavide...

ninmukhaththu ninnu thookunna mozhiyente thaapam

innu neekkidunnu naayakaa ! ...2

ninnathimriduvaaya kayyinaalenne nee thadavunnorakshanam

kannuneerukalaakaveyozhinjunnathaanandam vannidunnume ...2

ennavide...

ponnu paadasevayenniye – paraneyenikku

mannililla saukhyamalpavum ...2

mannane dhanadhaanya vybhavam – minnilidakondasheshavum

theernnupoyudamastharandhathayaarnnu vaazhuka maathrame varoo...2

ennavide...

nalla vasthram nalla shayyakal – sukhasaadhananga

lillivayilaasha daasanu ...2

vallabhaa thirumeniyethilumethumaayenikkullathaaloru

thellumallalennullilillathu killozhinjura cheythidaam vibho! ...2

ennavide...

ninneyorkkum nerameeshane! – valarum prayaasam

ennil ninnu maanjupokunne ...2

ninnatimalar sevayaalenikkulla peedakalaakave thiru –

munnil vannidum pothuneengiyennullamaanandam konduthullume...2

ennavide…

kaatthirikkunnaathmanaadhane poovanatthinulla

kaathirippin poornhthinaaline …2

mathsarakulam lajjayaal mukham thaazhtthidum padiengal dandukal

pookkane puthubhamgiyil badaam kaaykaleyava kaaykkane thadaa…2

ennavide…